ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം

പി എഫ്5/13838/2014/GAINPF

തീയതി: 30/12/2014

## സർക്കുലർ

വിഷയം - HSE - KAHSS (+2) EPF GAINPF - PF രേഖകൾ പരിശോധിച്ച് ശേഖരിക്കുന്നത് -കൊല്ലം ജില്ല - സംബന്ധിച്ച്

KAHSS (+2) EPF ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള GAINPF Software ൽ PF Schedule, Loan വിവരങ്ങൾ എന്നിവയുടെ സ്കൂൾ തല എൻട്രികൾ പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വളരെ കുറച്ച് സ്കൂളുകൾ മാത്രമാണ് ഇതുവരെയായിട്ടും എൻട്രികൾ പൂർത്തിയാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ എയ്ഡഡ് ഹയർ സെക്കന്ററി ജീവനക്കാരുടെ പി എഫ് വിവരങ്ങൾ ഡയറക്ടറേറ്റിൽ നിന്നുതന്നെ ഡാറ്റ എൻട്രി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 2006-2007 സാമ്പത്തിക വർഷം മുതൽ 2013 - 2014 സാമ്പത്തിക വർഷം വരെയുള്ള പി എഫ് രേഖകളുടെ പകർപ്പുകൾ ശേഖരിക്കേണ്ടതുണ്ട്. രേഖകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ സ്കൂളുകളിൽ നിന്നുള്ള രേഖകളായിരിക്കും ഇനി ശേഖരിക്കുന്നത്. ഇതിനായി കൊല്ലം ജില്ലയിലെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ താഴെപ്പറയുന്ന രേഖകൾ തയ്യാറാക്കി വെക്കേണ്ടതാണ്.

1. 2006-2007 മുതൽ 2013-2014 വരെ KAHSS(+2)EPF ൽ ലയിപ്പിച്ചിട്ടുള്ള ഒറിജിനൽ പി എഫ് ഷെഡ്യൂളുകളുടെ പകർപ്പുകൾ
2. 2006-2007 മുതൽ 2013-2014 വരെ KAHSS (+2)EPF ൽ നിന്നും എടുത്തിട്ടുള്ള എല്ലാ ലോണുകളും അനുവദിച്ച ഉത്തരവുകളുടെ (TA/NRA) പകർപ്പുകൾ.
3. 2006-2007 മുതൽ 2013-2014 വരെയുള്ള Treasury bill Book കളുടെ പകർപ്പ്.

ട്രഷറിയിൽ സമർപ്പിച്ച പി എഫ് ഷെഡ്യൂളുകളുടെ പകർപ്പുകൾ തന്നെയാകണം പരിശോധനയ്ക്കായി ഹാജരാക്കേണ്ടത്. DA Arrear ഉൾപ്പെട്ടിട്ടുള്ള ഷെഡ്യൂളുകളിൽ അതാത് DA അനുവദിച്ച ഗവൺമെന്റ് ഓർഡർ നമ്പറും

തീയതിയും രേഖപ്പെടുത്തേണ്ടതാണ്. പി എഫ് ഷെഡ്യൂളുകൾ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതും Gross Amount, Net Amount, Date of Encashment എന്നിവ രേഖപ്പെടുത്തേണ്ടതുമാണ്. എടുത്തിട്ടുള്ള Loan വിവരങ്ങൾ ഇതോടൊപ്പമുള്ള മാതൃകയിൽ പുരിപ്പിച്ചു സമർപ്പിക്കേണ്ടതാണ്.

രേഖകൾ ജനുവരി മാസം അവസാനം കൊല്ലം ജില്ലയിലെ രണ്ടു കേന്ദ്രങ്ങളിൽ വെച്ച് ഡയറക്ടറേറ്റുകളിൽ നിന്നുള്ള ജീവനക്കാർ പരിശോധിച്ച് ശേഖരിക്കുന്നതാണ്. സ്ഥലം, തീയതി, സമയം എന്നിവ പിന്നീട് അറിയിക്കുന്നതാണ്. രേഖകൾ ഓരോ സാമ്പത്തിക വർഷത്തേയും പ്രത്യേകം തരം തിരിച്ച് കൊണ്ടുവരേണ്ടതാണ്. Treasury Bill Book ന്റെ അസ്സൽ, Bill OC, Acquitance register, എന്നിവകൂടി പരിശോധനയ്ക്കായി കൊണ്ടു വരേണ്ടതാണ്.

Employees details ന്റെ Entry, Verification എന്നിവ ഇനിയും പൂർത്തിയാക്കിയിട്ടില്ലാത്ത സ്കൂളുകൾ രേഖകൾ സമർപ്പിക്കുന്ന തീയതിയ്ക്ക് മുമ്പായി പ്രസ്തുത ജോലികൾ പൂർത്തിയാക്കേണ്ടതാണ്.

**ഒപ്പ്**

**സീനിയർ ഫിനാൻസ് ഓഫീസർ**

1. ആർ ഡി ഡി തിരുവനന്തപുരം
2. കൊല്ലം ജില്ലയിലെ എല്ലാ
   എയ്ഡഡ് ഹയർ സെക്കന്ററി
   സ്കൂൾ പ്രിൻസിപ്പാൾമാർക്കും.

## Directorate of Higher Secondary Education
## GAINPF
## Loan Details

School Code: Financial year:
Name:

| SI No. | Subscriber's Name | Account Number | Order No. and Date of Loan sanctioned | TA/NRA | Date of Encashment | Purpose |
|---|---|---|---|---|---|---|
| | | | | | | |

Certified that no other withdrawals has been made other than shown above

School Seal

**Signature of The Principal**
**Date**